website

ICPS 4/017502/2014

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ
തിരുവനന്തപുരം.
തിയതി: 18.04.2015

## സർക്കുലർ

വിഷയം : സാമൂഹ്യ നീതി വകുപ്പ്-ഐ.സി.പി.എസ്- ജെ ജെ ഹോമുകളിലെ അക്കൗണ്ട്സ് സംബന്ധമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :

സാമൂഹ്യ നീതി വകുപ്പിൻെറ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ജെ.ജെ ഹോമുകളിലെ അക്കൗണ്ട്സ് സംബന്ധമായ കാര്യങ്ങളെക്കുറിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. എല്ലാ ജെ.ജെ. ഹോമുകളും 2014-15 സാമ്പത്തിക വർഷം ലഭിച്ചിരിക്കുന്ന ഫണ്ടിൻെറ വിശദമായ വിവരം ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള ഫോർമാറ്റിൽ (അലോട്ട്മെൻറ് വഴി ലഭിച്ചതും, TSB വഴി ലഭിച്ചതും വെവ്വേറെ) യു.സി സഹിതം മെയ് 15-നുള്ളിൽ ഐ.സി.പി.എസ്-ൻെറ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

2. അലോട്ട്മെൻറ് ആയി ലഭിക്കുന്ന തുകയുടെയും TSB വഴി ഡി.എസ്.ജെ.ഒ-യുടെ പേരിൽ ലഭ്യമാക്കുന്ന തുകയുടെയും വിശദവിവരങ്ങൾ വെവ്വേറെ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കണം.

3. കംബോണൻറ് വൈസ് എക്സ്പെൻഡിച്ചർ ഡീറ്റേൽസ് എഴുതി സൂക്ഷിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

4. കണ്ടിജൻസി രജിസ്റ്റർ എല്ലാ സ്ഥാപങ്ങളിലും ഉണ്ടായിരിക്കണം.

5. സാമ്പത്തിക വർഷം അവസാനം H/A-ൽ നീക്കിയിരിപ്പുള്ള തുക സറണ്ടർ ചെയ്തിരിക്കണം. ഇതിൻെറ വിശദവിവരങ്ങൾ കണ്ടിജൻസി രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

6. ജെ.ജെ.ബി & സി.ഡബ്ല്യു.സി-കൾക്കായി അനുവദിക്കുന്ന തുക അവയുടെ ആവശ്യങ്ങൾക്കു വേണ്ടി മാത്രം ചെലവഴിക്കുക. തുക വക മാറ്റി ചെലവഴിക്കാൻ പാടുള്ളതല്ല.

7. എല്ലാ സ്ഥാപനങ്ങളിലും ക്യാഷ് ചെസ്റ്റ് നിർബന്ധമായും ഉണ്ടാകണം. സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക സ്ഥാപന മേധാവികൾ സ്വന്തം കൈവശം സൂക്ഷിക്കാൻ പാടുള്ളതല്ല.

8. അനുവദിച്ചു കിട്ടിയിരിക്കുന്ന കരുതൽ തുകയ്ക്കായി പ്രത്യേകം ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതും, തുക RECOUP ചെയ്യുമ്പോൾ വിശദമായ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്, യു.സി എന്നിവ ലഭ്യമാക്കേണ്ടതുമാണ്.

9. ഓരോ മൂന്നു മാസം കൂടുമ്പോഴും ശമ്പള ഇനത്തിൽ ജീവനക്കാർക്ക് അനുവദിച്ചിരിക്കുന്ന തുകയുടെ വിശദവിവരം ഐ.സി.പി.എസ് കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

10. മാസ്റ്റർ ഷഫീഖ് കമ്മിറ്റി തീരുമാന പ്രകാരം ഡി.എസ്.ജെ.ഒ-മാർക്ക് അനുവദിച്ചിരിക്കുന്ന 20,000/-രൂപ കരുതൽ തുകയുടെ 31/03/2014-ലെ ~~സമിതി~~ സ്ഥിതി ഐ.സി.പി.എസ് കാര്യാലയത്തിൽ മെയ് 11-നുള്ളിൽ നൽകേണ്ടതാണ്.

11. ഖണ്ഡിക 10-ൽ പറഞ്ഞ കരുതൽ തുക RECOUP ചെയ്യേണ്ടതുണ്ടെങ്കിൽ അതിനു വേണ്ടിയുള്ള പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണ്.

12. 2015-16 സാമ്പത്തിക വർഷത്തെ ഹോമിൻെറ പ്രവർത്തനത്തിന് തുക ആവശ്യപ്പെട്ടു കൊണ്ടുള്ള പ്രൊപ്പോസൽ അടിയന്തിരമായി സമർപ്പിക്കണം.

(signature)

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

എല്ലാ ജെ.ജെ. ഹോം സൂപ്രണ്ടുമാർക്കും